(Pages : 4) **L – 3350**

Reg. No. : ..............................

Name : ..................................

# First Semester B.A./B.Sc. Degree Examination, August 2021

## First Degree Programme under CBCSS

## Language Course II – Additional Language I – Malayalam

## ML 1111.1 : മലയാളകവിത

## (2020 Admission - Regular)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. നളിനി എന്ന ഖണ്ഡകാവ്യം എഴുതിയതാര്?

2. വടക്കൻ കേരളത്തിൽ ഉടലെടുത്ത വീരാരാധനാപരമായ നാടോടിപ്പാട്ടുകൾ ഏതു പേരിലാണ് അറിയപ്പെടുന്നത്?

3. 'ഗ്രാമവൃക്ഷത്തിലെ വവ്വാൽ' എന്ന കവിത രചിച്ചത് ആര്?

4. 'എല്ലിൽക്കടിച്ചു മുറിഞ്ഞുവോ പല്ലുകൾ

   ഇല്ല നിങ്ങൾക്കു വിവേകമൊട്ടും' - ഈ വരികൾ ഏതു കവിതയിലേതാണ്?

5. 'കാച്ചിക്കുറുക്കിയ കവിത' എന്ന് വൈലോപ്പിള്ളിക്കവിതകളെ വിശേഷിപ്പിച്ചതാര്?

6. 'ശക്തിയുടെ കവി' എന്നറിയപ്പെടുന്ന കവി.

7. മലയാള കവിതയിൽ 'മോഡേണിസം' ശക്തമായ ഒരു അന്തർധാരയായി മാറുന്നത് അയ്യപ്പപ്പണിക്കരുടെ ഏതു കവിതയിലൂടെയാണ്?

P.T.O.

8. ചണ്ഡാലഭിക്ഷുകി എന്ന കാവ്യത്തിലെ ബുദ്ധഭിക്ഷുവിന്റെ പേര് എന്ത്?

9. ജരിതയുടെ ഭർത്താവ് ആരായിരുന്നു?

10. കടമ്മനിട്ട വിവർത്തനം ചെയ്ത ഒക്ടോവിയാപാസിന്റെ കൃതി.

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്' - എന്ത്?

12. വടക്കൻപാട്ടുകൾ - കുറിപ്പെഴുതുക.

13. 'എങ്കിലുമുടലിൽനിന്നിതു ഞാൻ മാറ്റുന്നീല' - സൂചിതമെന്ത്?

14. ആ ഹലാഘാതം സഹിച്ചൂ ധരിത്രിയാൾ
ആസന്ന സൽഫലഭാവനയാൽ - സൂചിതമെന്ത്?

15. 'അധികാരം കൊയ്യണമാദ്യം നാം
അതിലുമേലാകട്ടെ പൊന്നാര്യൻ' - വിവക്ഷിതം വ്യക്തമാക്കുക.

16. 'നീയൊന്നു നോക്കൂ കളിന്ദജേ, ചോരയും
നീരും വലിഞ്ഞൊരീ ഗോകുലത്തെ' - ആരുടെ വാക്കുകൾ സന്ദർഭം ഏത്?

17. 'എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ' - വിവക്ഷയെന്ത്?

18. 'ചാഞ്ഞു പെയ്യുന്ന മഴ' എന്ന കവിതയിലെ പ്രണയാവിഷ്കാരം എപ്രകാരമാണ്?

19. 'അദ്വൈതാമലഭാവസ്പന്ദിത-
വിദ്യുന്മേഖല പൂകീ ഞാൻ...' - സൂചിതം എന്ത്?

20. 'അവളെ ഞെരിക്കും ബലിഷ്ഠമാം കൈയുകൾ
അരിയുകയാണിന്നു ധർമ്മം' - വിവക്ഷിതം എന്ത്?

21. 'ഒരു തൈ നടുമ്പോൾ' എന്ന കവിതയിൽ തെളിയുന്ന പാരിസ്ഥിതിക ചിന്ത എന്ത്?

22. 'ഹേ ഗോപികേ, നീയില്ലയെങ്കിൽ, നിൻ വ്രതഭക്തിയില്ലെങ്കിൽ, ഈ ശ്യാമകൃഷ്ണൻ വെറും കരിക്കട്ടയെന്നറിയുന്നു ഞാൻ' - സൂചിതം വ്യക്തമാക്കുക.

23. എ. അയ്യപ്പൻ - കുറിപ്പെഴുതുക.

24. ശക്തിയുടെ കവിയെന്ന വിശേഷണം ഇടശ്ശേരിക്ക് എത്രമാത്രം യോജ്യമാണ്?

25. ഒ.എൻ.വി. കുറുപ്പ് - കുറിപ്പെഴുതുക.

26. ദാഹജലം അർത്ഥിച്ച സന്യാസിയോട് ചണ്ഡാലകന്യകയുടെ മറുപടി എന്തായിരുന്നു?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ജരിതയുടെ മക്കൾ മുന്നോട്ടു വെയ്ക്കുന്ന തത്ത്വദീക്ഷകൾ എന്തെല്ലാം? വിശദമാക്കുക.

28. റഫീക്ക് അഹമ്മദിന്റെ 'മൊബൈൽ ഫോൺ' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

29. വികാരപരതയാണ് ചങ്ങമ്പുഴക്കവിതകളുടെ പ്രധാന സവിശേഷത. "മനസ്വിനി" എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

30. ആത്മവിശുദ്ധീകരണത്തിനായുള്ള മനുഷ്യ മനസ്സിന്റെ ദാഹമാണ് 'കാളിയമർദ്ദനം' എന്ന കവിതയിൽ പ്രതിഫലിക്കുന്നത് - സമർത്ഥിക്കുക.

31. ഭ്രമാത്മകതയുടെയും ഉന്മാദത്തിന്റെയും അതിർവരമ്പുകളിൽ നിന്നുകൊണ്ടാണ് അയ്യപ്പൻ കവിത നമ്മോടു സംവദിക്കുന്നത് - 'നിനക്ക്' എന്ന കവിതയെ മുൻനിർത്തി പരിശോധിക്കുക.

32. മരണവുമായുള്ള മുഖാമുഖത്തിന്റെ നിമിഷങ്ങളെ പുകമറയില്ലാതെ, ഒരു ദാർശനികന്റെ സംയമത്തോടെ എൻ.എൻ. കക്കാട് സഫലമീയാത്രയിൽ അവതരിപ്പിക്കുന്നതെങ്ങനെ?

33. ജാതീയകതയുടെ നിരർത്ഥകത വ്യക്തമാക്കുന്ന കവിതയാണോ ചണ്ഡാലഭിക്ഷുകി - പരിശോധിക്കുക.

34. 'നീറ്റിലിടിഞ്ഞു കുതിർന്നു, കുമിളയായ്
നീട്ടിയ നിശ്വാസത്തോടുകൂടെ!' - സന്ദർഭം വിവരിക്കുക.

35. അധികാര വ്യവസ്ഥയോടുള്ള തൊഴിലാളി - കർഷക ചെറുത്തുനില്പ്പ് ചിത്രീകരിയ്ക്കുന്ന കവിതയാണ് 'പുത്തൻകലവും അരിവാളും' - സമർത്ഥിക്കുക.

36. കൃഷ്ണഗോപികാ ബന്ധം ജൈവബന്ധമാണ്. ഒന്നിൽനിന്ന് വേറിട്ട് മറ്റതിന് നിലനില്പില്ല. ഗോപികാദണ്ഡകം ആവിഷ്ക്കരിക്കുന്നത് ഈ ആശയമാണ് - വിശദമാക്കുക.

37. ചാഞ്ഞു പെയ്യുന്ന മഴ എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

38. ഗണ്യമാക്കീല കളിന്ദമഹാദ്രിതൻ കന്യയിക്കളിൻ തികട്ടലുകൾ - സന്ദർഭമെഴുതി സൂചിതം വിശദീകരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

39. നിഴലും വെളിച്ചവും പരസ്പരം പകർന്നാടുന്ന അവസ്ഥാന്തരങ്ങളുടെ വേദിയായി മനുഷ്യജീവിതത്തെ ചിത്രീകരിക്കുകയാണ് 'മനസ്വിനി' - വിശകലനം ചെയ്യുക.

40. ആധുനിക-ആധുനികാനന്തരഘട്ട കവിതകളുടെ പ്രത്യേകതകൾ പാഠഭാഗത്തെ കവിതകളെ ആസ്പദമാക്കി വിശദമാക്കുക.

41. മനുഷ്യന്റെ വികലവും ദീർഘദർശനരഹിതവുമായ പ്രവർത്തനങ്ങൾ അവനുതന്നെ ഭീഷണിയാകുന്നതിന്റെ നിദർശനമാണ് 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' എന്ന കവിത - വിശദീകരിക്കുക.

42. എൻ.വി. കൃഷ്ണവാര്യരുടെ കവിതകളുടെ സവിശേഷതകൾ 'എലികൾ' എന്ന കവിതയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

43. ഇടശ്ശേരിയുടെ ജീവിതവീക്ഷണം പുത്തൻകലവും അരിവാളും എന്ന കവിതയെ മുൻനിർത്തി വിവരിക്കുക.

44. 'ജലസേചനം' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

**(2 × 15 = 30 Marks)**

---